(ബി) 2014 ജനുവരി മാസം 3-ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിക്കുവേണ്ടി L & T Ramboll തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം പൊതുജനങ്ങളിൽ നിന്നും പരസ്യമായി തെളിവെടുക്കുകയും, തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകുകയുണ്ടായി. ഇവ ടി മന്ത്രാലയത്തിന് കീഴിൽ വരുന്ന വിദഗ്ധ സമിതി വിശദമായി പരിശോധിച്ച ശേഷം വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ പദ്ധതിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി 2014 ജനുവരി 3 -ാം തീയതി നല്കി.

(സി) പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായതിനെ തുടർന്ന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നടത്തിപ്പിനും വേണ്ടിയുള്ള പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെൻഡർ 2013 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ചു. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡമനുസരിച്ചുള്ള ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2014 ഡിസംബർ 30 ആണ്.

(ഡി) പാരിസ്ഥിതികാനുമതി ലഭിച്ചതിനെ തുടർന്ന് സ്വകാര്യ പങ്കാളിയെ നിർണ്ണയിക്കുന്നതിനുള്ള ഫിനാൻഷ്യൽ ബിഡ് നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. 2014 ഡിസംബർ മൂപ്പതിനാണ് ബിഡ് ഡ്യൂ ഡേറ്റ് ആയി തീരുമാനിച്ചിട്ടുള്ളത്. ടെൻഡർ പ്രകാരമുള്ള സമയക്രമം പാലിച്ച് പദ്ധതിയുടെ നിർമ്മാണം 2015 നവംബർ മാസത്തോടെ തുടങ്ങാനുദ്ദേശിക്കുന്നു.

(ഇ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സംസ്ഥാന സർക്കാരിന്റെ മിഷൻ 676 നവരത്ന പദ്ധതിയിൽ മറ്റ് പദ്ധതികൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

മന്ത്രവാദങ്ങളും ആഭിചാരകർമ്മങ്ങളും നിർവ്വഹിക്കുന്നവർക്കെതിരെ നടപടി

13 (*13) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളുംമൂലം സംസ്ഥാനത്ത് പൊതു ജീവിതം ശിഥിലീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മന്ത്രവാദത്തിനിടെ പത്തനംതിട്ടയിൽ ഒരു കോളേജ് വിദ്യാർത്ഥിനി

LIBRARY ARCHIVES Kerala Legislative Assembly

മരിക്കാനിടയായ സാഹചര്യത്തിൽ സംസ്ഥാനം ഈ നിലയിലേയ്ക്ക് അധഃപതിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പ്രാകൃത വിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും പ്രചരിപ്പിക്കുകയും, നിർവ്വഹിക്കുകയും ചെയ്യുന്നവരെ നിയന്ത്രിക്കാനും അത്തരക്കാർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളാനും തയ്യാറാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇത്തരത്തിലുള്ള ചിലസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1881/14 ൽ u/s. 336, 337, 304 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 8 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും അവർ ജുഡീഷ്യൽ കസ്റ്റഡിയിലും ആണ്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലോ പരാതികൾ ലഭിച്ചാലോ നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ കൈകൊള്ളുന്നതാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് എന്നിവ ഉപയോഗിച്ച് ഇത്തരം അന്ധവിശ്വാസങ്ങളും മറ്റും നിയന്ത്രിക്കാൻ പോലീസിനാൽ കഴിയുന്നവിധം നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രാകൃതവിശ്വാസങ്ങളും ആഭിചാരകർമ്മങ്ങളും ചെയ്യുന്നവരെ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത്തരമാളുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് നിയമാനുസൃതമായ ശിക്ഷവാങ്ങിക്കൊടുക്കുന്നതിന് പോലീസ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഒരു വിഭാഗം ജനങ്ങളുടെ അജ്ഞത മുതലെടുത്തുകൊണ്ട് സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളർത്തി സാമ്പത്തിക ചൂഷണത്തിന് വേണ്ടി വിധേയരാക്കുകയാണെന്നാണ് മനസ്സിലാക്കുന്നത്. ജാതി മത വേർതിരിവില്ലാതെ ഇത്തരം ചൂഷണത്തെ ചെറുക്കുന്നതിന് പോലീസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് ശക്തമായ നടപടികൾ എടുക്കുന്നുണ്ട്.

ബാർ കോഴ ആരോപണം

14 (*14) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ടി. വി. രാജേഷ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പുമന്ത്രി കെ.എം. മാണിക്കെതിരെ ബാർ വിഷയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly